



കേരള സർവകലാശാല കലോത്സവം
2023
മെയ് 5-9
അമ്പലപ്പുഴ



കഥകളി മത്സരത്തിനായി ചമയമിടുന്ന മത്സരാർഥി


## മുഴങ്ങേണ്ടത് നമ്മൾ എന്ന സന്ദേശം: മന്ത്രി പി പ്രസാദ്

**അമ്പലപ്പുഴ**

കലോത്സവങ്ങൾ വേർതിരിവുകൾ ഇല്ലാതാക്കി ഒരുമയുടെ സന്ദേശം പകരുമെന്ന് മന്ത്രി പി പ്രസാദ് പറഞ്ഞു. കേരള സർവകലാശാല യൂണിയൻ യുവജനോത്സവം ഉദ്ഘാടനംചെയ്യുകയായിരുന്നു മന്ത്രി.

ഭരണഘടന മുന്നോട്ടുവയ്ക്കുന്ന നമ്മൾ എന്ന ആശയത്തിന് പ്രാധാന്യം നൽകുന്നതാണ് ഏകത്വം. ഒരുമയുടെ, നന്മയുടെ, നേർമയുടെ ഓർമകൾ പകരുന്ന ഇത്തരം ഉത്സവങ്ങൾ നാടിന്റെ യുവത്വത്തെ വിഭജനത്തിന്റെ പാതയിൽ നിന്ന് മാറ്റി നടത്തും. ഈ യുവത്വത്തെ ആർക്കും കുഴപ്പത്തിലാക്കാൻ ആവില്ല. മത്സരമുണ്ടെങ്കിലും വേർതിരിവുകൾ ഇല്ലെന്നും അദ്ദേഹം പറഞ്ഞു.

**സാമൂഹ്യവിമർശത്തിന്റെ കൂരമ്പായി തുള്ളൽപിറന്ന മണ്ണിൽ കലയുടെ തുള്ളിയാട്ടവുമായി കലാലയ യൗവനം. കുഞ്ചൻ നമ്പ്യാരുടെയും തകഴിയുടെയും കർമഭൂമിയായ അമ്പലപ്പുഴയുടെ മണ്ണിൽ ആദ്യമായെത്തിയ സർവകലാശാല യുവജനോത്സവത്തെ ഹൃദയത്തിൽ ഏറ്റുവാങ്ങി നാട്. കിഴക്കിന്റെ വെനീസിന് ഇനി കലയുടെ പകലിരവുകൾ**



ചമയമണിഞ്ഞതിന് ശേഷം വേദിയിലേക്ക് പോകുന്ന മോഹിനിയാട്ടം മത്സരാർഥി.



കേരള സർവകലാശാല യൂണിയൻ യുവജനോത്സവം 'ഏകത്വ' മന്ത്രി പി പ്രസാദ് ഉദ്ഘാടനംചെയ്യുന്നു. എ എം ആരിഫ് എംപി, എച്ച് സലാം എംഎൽഎ, നടന്മാരായ ടിനി ടോം, ആൻസൺ പോൾ, വൈസ് ചാൻസലർ ഡോ. മോഹൻ കുന്നുമ്മൽ, യൂണിയൻ ചെയർമാൻ എ വിഷ്ണു തുടങ്ങിയവർ സമീപം



മോഹിനിയാട്ട മത്സര വേദിയിൽനിന്ന്

**വാർത്ത**
എസ് ഗീതാഞ്ജലി
അജ്നാസ് അഹമ്മദ്
വി പ്രതാപ്

**ചിത്രം**
കെ എസ് ആനന്ദ്
മിഥുൻ അനില മിത്രൻ

# കലയുടെ തുള്ളിയാട്ടം

**അമ്പലപ്പുഴ**

മനുഷ്യമനസുകളുടെ ഐക്യം വിളിച്ചോതി അമ്പലപ്പുഴയുടെ സാംസ്കാരിക ഭൂമികയ്ക്ക് കലയുടെ അഞ്ച് ദിന രാത്രങ്ങൾ സമ്മാനിച്ച് 'ഏകത്വ' യ്ക്ക് തുടക്കമായി. എട്ട് വർഷത്തിനിപ്പുറം ആലപ്പുഴയിലെത്തിയ കേരള സർവകലാശാല യുവജനോത്സവം വെള്ളിയാഴ്ച കെ കെ കുഞ്ചുപിള്ള മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂളിൽ നിന്ന് ഘോഷയാത്രയോടെയാണ് തുടങ്ങിയത്. ചെമ്പകനാടിന്റെ തനത് കലാരൂപങ്ങളായ വേലകളിയും പഞ്ചാരിമേളവും മിഴിവേകി. കുഞ്ചൻ നമ്പ്യാരുടെ ജന്മദിനത്തിൽ വിരുന്നെത്തിയ കലാമാമാങ്കത്തെ അത്യാഹ്ലാദത്തോടെയാണ് ക്ഷേത്രനഗരി വരവേറ്റത്.

വൈകിട്ട് ആറിന് ശേഷമായിരുന്നു ഉദ്ഘാടനച്ചടങ്ങ്. കേരള സർവകലാശാലാ വൈസ്ചാൻസലർ ഡോ. മോഹൻ കുന്നുമ്മൽ മുഖ്യപ്രഭാഷണം നടത്തി. സ്വാഗതസംഘം ചെയർമാനായ എച്ച് സലാം എംഎൽഎ, സിൻഡിക്കറ്റ് അംഗങ്ങളായ അഡ്വ. കെ എച്ച് ബാബുജാൻ, എസ് സന്ദീപ് ലാൽ, എ അജികുമാർ, ഡിഎസ്എസ് ഡയറക്ടർ സിദ്ദിഖ്, കുഞ്ചൻ നമ്പ്യാർ സ്മാരക സമിതി വൈസ്ചെയർമാൻ എ ഓമനക്കുട്ടൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് പ്രസിഡന്റ് ശോഭ ബാലൻ, സ്വാഗതസംഘം ജനറൽ കൺവീനർ എ എ അക്ഷയ്, സർവകലാശാല യൂണിയൻ ജനറൽ സെക്രട്ടറി എം നസീം എന്നിവർ സംസാരിച്ചു.

കുഞ്ചൻ നമ്പ്യാർ, കുമാരനാശാൻ, വയലാർ രാമവർമ, തകഴി ശിവശങ്കരപ്പിള്ള, നെടുമുടി വേണു, കാവാലം നാരായണപ്പണിക്കർ, ഇന്നസെന്റ്, മാമുക്കോയ എന്നിവരുടെ പേരിലാണ് കലോത്സവവേദികൾ. മെയ് ഒമ്പതുവരെ എട്ട് വേദികളിൽ 117 ഇനങ്ങളിലായി അയ്യായിരത്തോളം വിദ്യാർഥികൾ മത്സരിക്കും. ആദ്യദിനം രാത്രി തിരുവാതിര, മോഹിനിയാട്ടം, കഥകളി, ഗസൽ മത്സരങ്ങളാണ് അരങ്ങേറിയത്. കലാപ്രതിഭ, കലാതിലകം എന്നിവയ്ക്ക് പുറമേ ട്രാൻസ്ജെൻഡർ വിഭാഗത്തിനായി കലാരത്നവും ഏർപ്പെടുത്തിയിട്ടുണ്ട്.



കഥകളി ആശാൻ ആർഎൽവി സോമദാസ് ദേവീനന്ദനയുടെ മുഖത്ത് ചമയമിടുന്നു. അമ്മ ദീപ്തി അരികിൽ

## അമ്മയെയും മകളെയും അരങ്ങിലെത്തിച്ച് ...

**അമ്പലപ്പുഴ**

അരനൂറ്റാണ്ട് പിന്നിട്ട കഥകളി ജീവിതത്തിൽ അമ്മയെയും മകളെയും അരങ്ങിലെത്തിച്ച സന്തോഷമാണ് ആർഎൽവി സോമദാസിന്. അമ്മയെ പരിശീലിപ്പിച്ച ആശാനൊപ്പംതന്നെ കലോത്സവത്തിനെത്തിയ ആഹ്ലാദത്തിലാണ് കാട്ടാക്കട ക്രൈസ്റ്റ് നഗർ കോളേജ് ഒന്നാംവർഷ വിദ്യാർഥിനി പി ദേവിനന്ദന. 2000ലാണ് തിരുവന്തപുരം സ്വദേശിനി എം ആർ ദീപ്തിയെ കഥകളിക്കോപ്പുകളും ചുട്ടിയും ഒരുക്കി സോമദാസ് അരങ്ങിലെത്തിച്ചത്. ഇക്കുറി ദീപ്തിയുടെ മകൾ ദേവിനന്ദനയെയും കഥകളിക്കായി ഒരുക്കി ചെണ്ടയുമായി അണിയറയിൽ നിറഞ്ഞു. മകളുടെ മത്സരം കാണാൻ അമ്മയും എത്തിയിട്ടുണ്ട്. 1975 മുതൽ 2012 വരെ തിരുവനന്തപുരം മാർഗി കഥകളി സ്കൂൾ അധ്യാപകനായിരുന്ന ഇദ്ദേഹം 56 വർഷമായി അണിയറയിൽ സജീവമാണ്. 2006ൽ സംഗീതനാടക അക്കാദമി അവാർഡും 2022ൽ കലാമണ്ഡലം അവാർഡും നേടി.

## വേദികളിൽ ഇന്ന്

**വേദി 1: വയലാർ നഗർ** (അമ്പലപ്പുഴ ഗവ. കോളേജ് പ്രധാന വേദി):

രാവിലെ ഒമ്പതിന് പ്രച്ഛന്ന വേഷം, 12ന് മിമിക്രി (ആൺ), രണ്ടിന് മിമിക്രി (പെൺ), നാലിന് മിമിക്രി (ട്രാൻസ്ജെൻഡർ).

**വേദി 2: കുമാരനാശാൻ നഗർ** (മോഡൽ എച്ച്എസ്എസ്): രാവിലെ ഒമ്പതിന് കേരള നടനം (ആൺ), 11ന് കേരളനടനം (പെൺ), 12ന് കേരളനടനം (ട്രാൻസ്ജെൻഡർ), നാലിന് കേരള നടനം (ഗ്രൂപ്പ്).

**വേദി 3: തകഴി നഗർ** (മോഡൽ എച്ച്എസ്എസ് ഓഡിറ്റോറിയം): രാവിലെ ഒമ്പതിന് ശാസ്ത്രീയസംഗീതം (ആൺ), 11ന് ശാസ്ത്രീയസംഗീതം (പെൺ), 12ന് ശാസ്ത്രീയസംഗീതം (ട്രാൻസ്ജെൻഡർ), നാലിന് സംഘഗാനം.

**വേദി 4: കുഞ്ചൻനമ്പ്യാർ നഗർ** (പി എൻ പണിക്കർ സ്മാരക എൽപി സ്കൂൾ): രാവിലെ ഒമ്പതിന് വീണ, 11ന് ചെണ്ട, ഒന്നിന് തബല, മൂന്നിന് വെസ്റ്റേൺ വോക്കൽ (സോളോ), അഞ്ചിന് വെസ്റ്റേൺ വോക്കൽ (ഗ്രൂപ്പ്).

**വേദി 5: നെടുമുടി വേണു നഗർ** (പി കെ മെമ്മോറിയൽ ലൈബ്രറി ഹാൾ): രാവിലെ ഒമ്പതിന് കവിതാപാരായണം (ഇംഗ്ലീഷ്), 11ന് കവിതാപാരായണം (ഹിന്ദി), ഒന്നിന് കവിതാപാരായണം (തമിഴ്), രണ്ടിന് കവിതാപാരായണം (അറബിക്), മൂന്നിന് കവിതാപാരായണം (സംസ്കൃതം), നാലിന് കവിതാപാരായണം (മലയാളം).

**വേദി 6: കാവാലം നാരായണപ്പണിക്കർ നഗർ** (ഗവ. കോളേജ് സെമിനാർ ഹാൾ): രാവിലെ ഒമ്പതിന് കഥാപ്രസംഗം (ആൺ), 12ന് കഥാപ്രസംഗം (പെൺ), മൂന്നിന് കഥാപ്രസംഗം (ട്രാൻസ്ജെൻഡർ).

**വേദി 7: ഇന്നസെന്റ് നഗർ** (കെ കെ കുഞ്ചുപിള്ള സ്മാരക ഹയർസെക്കൻഡറി സ്കൂൾ): രാവിലെ ഒമ്പതിന് ഉപന്യാസരചന (ഇംഗ്ലീഷ്), 10ന് ഉപന്യാസരചന (മലയാളം), 11ന് ഉപന്യാസരചന (ഹിന്ദി), 12ന് ഉപന്യാസരചന (തമിഴ്), ഒന്നിന് ചെറുകഥ (മലയാളം), രണ്ടിന് ചെറുകഥ (ഹിന്ദി), മൂന്നിന് ചെറുകഥ (ഇംഗ്ലീഷ് ), നാലിന് ചെറുകഥ (അറബിക്), അഞ്ചിന് ചെറുകഥ (സംസ്കൃതം), ആറിന് ചെറുകഥ (തമിഴ്).

**വേദി 8: മാമുക്കോയ നഗർ** (കെ കെ കുഞ്ചുപിള്ള സ്മാരക ഹയർസെക്കൻഡറി സ്കൂൾ): രാവിലെ ഒമ്പതിന് സ്പോട്ട് ഫോട്ടോഗ്രഫി, രണ്ടിന് പെയിന്റിങ്, നാലിന് പോസ്റ്റർ നിർമാണം.



**ആദ്യജയം**

ആൺകുട്ടികളുടെ കഥകളിയിൽ ഒന്നാം സ്ഥാനം നേടിയ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലെ നന്ദകിഷോർ .